(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വൈദ്യുതി കണക്ഷൻ നൽകൽ

1 [319] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ഇ. എം. അഗസ്തി:
,, ലൂഡി ലൂയിസ്:
,, ടി. എൻ. പ്രതാപൻ:
ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വരുമ്പോൾ വൈദ്യുതി കണക്ഷന് വേണ്ടി എത്ര അപേക്ഷകൾ നിലവിലുണ്ടായിരുന്നു;

(ബി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷമുള്ള ആദ്യത്തെ നൂറ് ദിവസങ്ങൾക്കുള്ളിൽ എത്ര പേർക്ക് കണക്ഷൻ കൊടുക്കുവാൻ കഴിഞ്ഞു;

(സി) വൈദ്യുതി കണക്ഷനുള്ള അപേക്ഷകർക്ക് പൂർണ്ണമായും കണക്ഷൻ നൽകുവാൻ ലക്ഷ്യമിട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 477,250

(ബി) 236,398

(സി) ഉണ്ട്. ഇപ്പോൾ നിലവിലുള്ള 356,070 അപേക്ഷകർക്ക് 31-12-2005-ന് മുമ്പ് കണക്ഷൻ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

തലസ്ഥാന നഗരിയിലെ വൈദ്യുതി നവീകരണ പദ്ധതികൾ

2 [320] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, ബി. വിജയകുമാർ:
,, എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ നിശ്ചിത വൈദ്യുതി വോൾട്ടേജ് നിലനിർത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതിക്ക് എന്തു ചെലവ് പ്രതീക്ഷിക്കുന്നു;

(ഡി) ഈ പദ്ധതി ഏതു തീയതിയ്ക്കുള്ളിൽ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ഈ പദ്ധതി നിർദ്ദിഷ്ട തീയതിയ്ക്കുള്ളിൽ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) തലസ്ഥാന നഗരിയിലെ വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി ഒരു പദ്ധതി റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. അതിലെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

(1) വോൾട്ടേജ്നില മെച്ചപ്പെടുത്തുക.

(2) വൈദ്യുതിയുടെ ഗുണവും, വിശ്വസ്തതയും ഉയർത്തുക.

(3) ഭാവിയിലെ ആവശ്യം പൂർത്തീകരിക്കുക.

(4) എനർജി ആഡിറ്റിംഗ് നടത്തുക.

(5) മുൻകൂട്ടി പണം ഒടുക്കി വൈദ്യുതി ഉപയോഗിക്കുന്ന സമ്പ്രദായം നടപ്പിലാക്കുക.

(6) കിട്ടാനുള്ള റവന്യൂ കാലാകാലങ്ങളിൽ പിരിച്ചെടുക്കുക.

(7) വൈദ്യുതി നഷ്ടം കുറയ്ക്കുക.

(സി) പദ്ധതിയുടെ ഉദ്ദേശ ചെലവ് 163 കോടി രൂപ.

(ഡി, ഇ) പദ്ധതിയുടെ അനുമതി ലഭിച്ചാൽ രണ്ട് വർഷത്തിനകം പണി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

വൈദ്യുതിയുടെ അധിക ഉൽപാദനം

3 [321] ശ്രീ. ഷിബു ബേബിജോൺ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം അധികമായി ഉൽപാദിപ്പിച്ച വൈദ്യുതിയുടെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ നിന്നാണ് അധികമായി വൈദ്യുതി ഉൽപാദിപ്പിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷത്തിൽ (2004 ഏപ്രിൽ മുതൽ ഡിസംബർ വരെ) കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ ഉൽപാദിപ്പിച്ച വൈദ്യുതിയുടെ അളവിനേക്കാൾ 1791.8771 മില്യൻ യൂണിറ്റ് വൈദ്യുതി അധികമായി ഉൽപാദിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly